www.malankaralibrary.com

Prot. No. 1495/21

**ഇടയലേഖനം**

26.10.2021

ദൈവകൃപയാലും പരി. സിംഹാസനത്തിന്റെ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്ന്യാസിനി സന്ന്യാസികൾക്കും വിശ്വാസികൾക്കും ആശീർവാദം.

സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും പുതിയ ആരാധനാക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28, ഞായർ മുതൽ പ്രാബല്യത്തിൽ വരുമെന്ന തീരുമാനം മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ഇടയലേഖനം വഴി നമുക്ക് ലഭിച്ചിരുന്നുവല്ലോ. ഇതുപ്രകാരം, കഴിഞ്ഞ ഏതാനും മാസങ്ങളിലായി നാമെല്ലാവരും രൂപതാദ്ധ്യക്ഷനോടൊപ്പം ദൈവതിരുമുമ്പിൽ പ്രാർത്ഥിച്ചും ധ്യാനിച്ചും, വിശുദ്ധ കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോ മലബാർ സിനഡിന്റെ തീരുമാനത്തിന്റെയും, പൗരസ്ത്യ തിരുസംഘത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങളുടെയും, ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തിന്റെയും വെളിച്ചത്തിൽ ഇവ നടപ്പിലാക്കുവാൻ ഒരുങ്ങിക്കൊണ്ടിയിരിക്കുയായിരുന്നുവല്ലോ.

ഫ്രാൻസിസ് മാർപാപ്പയുടെ 2021 ജൂലൈ 3–ാം തിയ്യതിയിലെ കത്തിൽനിന്നുമുള്ള വാക്കുകൾ ഞാൻ ആവർത്തിക്കുകയാണ്: "പുതിയ റാസകുർബാന തക്സക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ച് നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഏകീകൃതരൂപം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സന്ന്യസ്തരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ". നമ്മുടെ സഭയിൽ വി. കുർബാനയുടെ ഏകീകൃതരൂപം ആവശ്യപ്പെട്ടുകൊണ്ട് മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി എഴുതിയ കത്തിലെ മാർപാപ്പയുടെ ഈ ആഹ്വാനം സ്വീകരിച്ചും, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ച് സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ സിനഡ്പിതാക്കന്മാർ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കാൻ ഇരിങ്ങാലക്കുട രൂപതാംഗങ്ങളായ നമുക്ക് ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടുംകൂടെ (അപ്പ. 4:32) പരിശ്രമിക്കാം.

**എന്തുകൊണ്ട് ഇപ്പോൾ ഏകീകൃതരൂപം ആവശ്യപ്പെടുന്നു?**

രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുതന്നെ, 1934 മുതൽ നമ്മുടെ സഭ ആരാധാനക്രമനവീകരണത്തിന്റെ പാതയിലായിരുന്നു. 1986 ൽ പുനരുദ്ധരിക്കപ്പെട്ട റാസാക്രമം നിലവിൽവന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ച്ചകൾ രൂപീകരിക്കാൻ സഹായമായ പുതിയ പഠനങ്ങൾ ആരംഭിച്ചു. നമ്മുടെ മേജർ ആർച്ച്ബിഷപ്പിന്റെ ഇടയലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, 1965 വരെ സാർവ്വത്രികസഭ മുഴുവനിലും ആരാധനാസമൂഹം നിൽക്കുന്ന അതേ ദിശയിലാണ് കാർമ്മികൻ അൾത്താരാഭിമുഖമായി കുർബാനയർപ്പിച്ചിരുന്നത്. എന്നാൽ, രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ലത്തീൻസഭയിൽ പൊതുവേ ജനാഭിമുഖ കുർബാന നിലവിൽവന്നു. അതോടൊപ്പം, സീറോ മലബാർ സഭയിൽ പൗരസ്ത്യ ആരാധനദൈവശാസ്ത്രപൈതൃകം നിലനിർത്തി അവരുടെ ആത്മീയ ദൈവശാസ്ത്രപൈതൃകത്തിന്റെ വെളിച്ചത്തിൽ കുർബാനയുടെ ആദ്യഭാഗമായ വചനശുശ്രൂഷ ജനങ്ങൾക്കഭിമുഖമായി അർപ്പിക്കണമെന്ന നിർദ്ദേശവുമുണ്ടായി (1968 തക്സ നമ്പർ 9; 1974 തക്സ നമ്പർ 5). എന്നാൽ, ഇത് പ്രായോഗികമായത് വ്യത്യസ്ത രീതിയിലാണ്. ചില രൂപതകളിൽ കുർബാന മുഴുവനും ജനാഭിമുഖമായും, മറ്റു ചിലരൂപതകളിൽ പൂർണ്ണമായും അൾത്താരാഭിമുഖമായും വേറെചിലരൂപതകളിൽ വചനശുശ്രൂഷ ജനാഭിമുഖമായും കൂദാശാഭാഗം (അനാഫൊറ) അൾത്താരാഭിമുഖമായും അർപ്പിക്കാൻ തുടങ്ങി. കുർബാനയർപ്പണരീതി വ്യത്യസ്തമായി

www.malankaralibrary.com

തുടർന്ന സാഹചര്യത്തിൽ സീറോ മലബാർ സഭ മുഴുവനിലും ഏകീകൃതരൂപം ഉണ്ടാകണമെന്ന ആവശ്യം മെത്രാന്മാരും വൈദികരടക്കമുള്ള ദൈവജനത്തിൽനിന്ന് ഉയർന്നുവന്നു. പരിശുദ്ധ സിംഹാസനത്തിൽനിന്ന് മാർഗ്ഗനിർദ്ദേശവും ഇക്കാര്യത്തിലുണ്ടായി. സീറോ മലബാർ സഭയിലെ എല്ലാ രൂപതകളെയും പ്രതിനിധീകരിച്ച് 1998ൽ ആദ്യമായ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രധാന അഭ്യർത്ഥനയും തീരുമാനവും ഇക്കാര്യത്തെക്കുറിച്ചുള്ളതായിരുന്നു. ദീർഘനാളത്തെ ചർച്ചകൾക്കുശേഷം 1999 നവംബറിലെ സിനഡ് കുർബാനയർപ്പണരീതി ഏകീകൃതരൂപത്തിലാക്കാമെന്ന തീരുമാനം എടുത്തു. എന്നാൽ ഇരിങ്ങാലക്കുടയുൾപ്പെടെയുള്ള ചില രൂപതകളിൽ ഈ തീരുമാനം പൂർണ്ണമായും നടപ്പിലാക്കാനായില്ല. എന്നിരുന്നാലും ഏകീകൃതരൂപത്തിനുവേണ്ടി ചർച്ചകൾ തുടർന്നുകൊണ്ടേയിരുന്നു.

ഈ കൊറോണ മഹാമാരിയുടെ കാലത്ത് നാം അർപ്പിച്ച ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യം സീറോ മലബാർ സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. കുർബാനയർപ്പണരീതിയിലെ അനൈക്യം പരിശുദ്ധ സിംഹാസനത്തെ അത്ഭുതപ്പെടുത്തി. ഏകീകൃതരൂപം കൊണ്ടുവരേണ്ടത് നമ്മുടെ സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ റോമിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻപ്രകാരം, 2020 മെയ് 4ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ച്ബിഷപ്പിന് കത്തെഴുതി. നവീകരിച്ച വി. കുർബാനയുടെ തക്സ അംഗീകാരത്തിന് സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ട് 2020 നവംബർ 9ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ട് എഴുതിയ കത്തിലും 2021 ജൂൺ 9ന് നവീകരിച്ച തക്സക്ക് അംഗീകാരം നൽകികൊണ്ട് എഴുതിയ കത്തിലും വി. കുർബാനയുടെ അർപ്പണരീതിയിലുള്ള ഏകീകൃതരൂപം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണ് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ 3–ാം തിയ്യതി വി. കുർബാനയുടെ അർപ്പണരീതിയിൽ ഏകീകൃതരൂപം ആവശ്യപ്പെട്ടുകൊണ്ട് ആഹ്വാനം നൽകിയത്.

'നാനാത്വത്തിൽ ഏകത്വം' അംഗീകരിക്കുകയും പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്നതാണ് കത്തോലിക്കസഭയിലെ ആരാധനക്രമരീതികളിൽ നാം കാണുക. കത്തോലിക്കാസഭയിൽ മാർപാപ്പയുടെ കീഴിൽ 24 വ്യക്തിസഭകളാണുള്ളത്. ഒരു ലത്തീൻസഭയും 23 പൗരസ്ത്യസഭകളുമാണുള്ളത്. ഈ 24 സഭകൾ ഉൾക്കൊള്ളുന്ന സാർവ്വത്രിക കത്തോലിക്കാസഭയിൽ ഉൾപ്പെടുന്ന എല്ലാ സഭാംഗങ്ങളും വിശ്വാസം, കൂദാശകൾ, ഭരണരീതി, ദൈവവചനം എന്നിവയിൽ പൂർണ്ണമായും ഐക്യപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള വ്യക്തിസഭകൾക്ക് തനതായ ആരാധനക്രമം, സഭാശിക്ഷണം, ആദ്ധ്യാത്മിക ദൈവശാസ്ത്രപിതൃസമ്പത്ത്, അപ്പസ്തോലിക പാരമ്പര്യം എന്നിവയുണ്ട്. ഇവയാണ് വ്യക്തിസഭകളെ തമ്മിൽ വേർതിരിക്കുന്നത്. നമ്മുടെ സീറോമലബാർ സഭ പൗരസ്ത്യസുറിയാനി സഭാ കുടുംബത്തിലെ ഒരു വ്യക്തിസഭയാണ് എന്നതുകൊണ്ട് നമ്മുടേത് പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ്.

മാർപാപ്പായുടെ പരമാധികാരം അംഗീകരിച്ചിട്ടുള്ള കത്തോലിക്കസഭയിലെ 24 വ്യക്തിസഭകളും വിശ്വാസത്തിലും പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിലും ഏകീകൃതരൂപം സ്വീകരിച്ചുകൊണ്ട് വിശ്വാസപ്രഘോഷണത്തിലും ആരാധനക്രമാനുഷ്ഠാനത്തിലും വ്യത്യസ്തതകൾ പുലർത്തുന്നു. ഇത് കത്തോലിക്കാസഭയിലെ നാനാത്വത്തിൽ ഏകത്വത്തിന്റെ വലിയ പ്രകാശനമാണ്. നാനാത്വം അംഗീകരിക്കുന്നതോടൊപ്പം ഓരോ വ്യക്തിസഭയുടെയും തനതായ ആരാധനക്രമ അനുഷ്ഠാനത്തിൽ ഏകീകൃതരൂപം ഉണ്ടാകണമെന്നും സഭ ആഗ്രഹിക്കുന്നു. ഒരു വ്യക്തിസഭയിൽ വിവിധ ആരാധനക്രമരീതികളല്ല നാനാത്വംകൊണ്ട് അർത്ഥമാക്കുന്നത്.

www.malankaralibrary.com

**ആരാധനക്രമത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ പരിപൂർണ്ണ അധികാരം ആർക്ക്?**

ആരാധനക്രമം സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയായതിനാൽ അതിന്റെ നിയന്ത്രണം തിരുസഭാധികാരികളെ മാത്രം ആശ്രയിച്ചിരിക്കുന്നു. ആരാധനാക്രമത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിലെ 22–ാം ഖണ്ഡികയിൽ പറയുന്നു: "തന്മൂലം മറ്റാർക്കും ഒരു വൈദികനുപോലും സ്വാധികാരത്തിൽ ആരാധനക്രമത്തിൽ, എന്തെങ്കിലും കൂട്ടുകയോ, കുറയ്ക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യാവുന്നതല്ല." ഇതിനുള്ള കാരണം 26–ാം ഖണ്ഡികയിൽ പറയുന്നു: "ആരാധനക്രമകർമ്മങ്ങൾ രഹസ്യാചാരങ്ങളല്ല. മറിച്ച്, കൂട്ടായ്മയുടെ കൂദാശയുടെ അതായത്, മെത്രാന്മാരുടെ കീഴിൽ ഒന്നായിരുന്ന് ക്രമവത്കൃതമായ, വിശുദ്ധജനമായ സഭയുടെ ആഘോഷപൂർവ്വമായ പരസ്യചടങ്ങുകളാണ്. ആരാധനക്രമം സഭാശരീരത്തെ മുഴുവൻ സംബന്ധിക്കുന്നവയാണ്. അവ സഭാശരീരത്തെ മുഴുവൻ വെളിപ്പെടുത്തുകയും അതിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു." അതുകൊണ്ട്, സഭാനിയമപ്രകാരം ആരാധനക്രമത്തെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കേണ്ട അധികാരി ശ്ലൈഹികസിംഹാസനത്തിന്റെ മുൻകൂട്ടിയുള്ള പരിശോധനയ്ക്കുശേഷം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയിൽ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടുകൂടി മേജർ ആർച്ച് ബിഷപ്പാണ് (CCEO c. 657, 658).

**ആരാധനക്രമത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ഏകീകൃതരൂപം:**

ആരാധനക്രമത്തിൽ ഏകീകൃതരൂപമല്ല ഐക്യമാണ് വേണ്ടത് എന്ന് ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഏകീകൃതരൂപവും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാനഘടകങ്ങളിലുള്ള ഏകീകൃതരൂപം ഐക്യത്തിനാവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനഘടകങ്ങളിൽ ഏകീകൃതരൂപമില്ലാതെ ഒരിക്കലും ഐക്യം സാധ്യമാവില്ല. വി. കുർബാനയിലെ ഏകീകൃതരൂപം സീറോമലബാർ സഭയിൽ മുഴുവൻ താഴെ പറയും പ്രകാരമാണ്: **കാർമ്മികൻ കുർബാനയുടെ ആരംഭം മുതൽ മദ്ബഹാപ്രവേശന പ്രാർത്ഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശാക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭംമുതൽ വി. കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നിൽക്കുന്ന അതേ ദിശയിൽതന്നെ ബലിപീഠത്തിനു അഭിമുഖമായും, വി. കുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം വീണ്ടും ജനാഭിമുഖമായും അർപ്പിക്കുന്നു**. അർത്ഥപൂർണമായ ബലിയർപ്പണത്തിന് വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (D.V. 14). നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസപൈതൃകത്തിലും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുമുള്ള സീറോമലബാർ സഭയുടെ കുർബാനയിലും അത് ഇപ്രകാരം തന്നെയാണ്.

നമ്മുടെ വി. കുർബാനയിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈയടിസ്ഥാനത്തിലാണ് വി. കുർബാനയുടെ ആദ്യഭാഗം വചനവേദി (ബേമ്മ) യിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്ന്, 'വിശ്വാസപ്രമാണ'ത്തിനുശേഷം വി. മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിന് ബലിയർപ്പിക്കുകയാണ്. അതിനാലാണ് കൂദാശാഭാഗം (അനാഫൊറ) മുതൽ ബലിപീഠത്തിന് അഭിമുഖമായി അർപ്പിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. വി. കുർബാനയുടെ അർപ്പണഭാഗം സമാപിക്കുകയും തുടർന്ന് ബലിജീവിതം നയിക്കുവാനുള്ള ആശീർവ്വാദം നൽകുകയും ചെയ്യുന്നതുകൊണ്ടാണ് കുർബാനസ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർത്ഥനകളും സമാപനാശീർവാദവും ജനങ്ങൾക്കുനേരെ തിരിഞ്ഞുനിന്ന് ചൊല്ലേണ്ടതാണെന്ന് നിർദ്ദേശിച്ചത്.

**ബലിപീഠത്തിന് അഭിമുഖമായുള്ള കുർബാനയുടെ ദൈവശാസ്ത്രം:**

പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വി. കുർബാനയെന്നത് മിശിഹായുടെ ശരീരമായ സഭ ശിരസ്സായ

www.malankaralibrary.com

അവിടുത്തോട് ചേർന്ന് പിതാവായ ദൈവത്തിന് അർപ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വി. രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാസനമായ വി. ബലിപീഠത്തിന് അഭിമുഖമായി ബലിയർപ്പണവേദിയിൽ വ്യാപരിക്കുന്നത് സമുചിതമാണെന്ന് ആദിമകാലംമുതലേ സഭ കരുതിയിരുന്നു. വി. കുർബാനയർപ്പിക്കുന്ന കാർമ്മികൻ ഒരേ സമയം ക്രിസ്തുവിനെയും സഭയെയും പ്രതിനിധാനം ചെയ്യുന്നു. ക്രിസ്തീയ ജീവിതം സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരുസഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹ പ്രതിനിധാനം ചെയ്യുന്ന സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ദൈവജനം ഒന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണ് കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിനുമുമ്പിൽ കുമ്പിട്ടാരാധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗ്ഗവാസികളായ വിശുദ്ധരോടും ചേർന്ന് ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണ് നമ്മുടെ വി. കുർബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേസമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വി. ബലിപീഠത്തിന് നമ്മുടെ ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. ബലിപീഠത്തിലേക്ക് തിരിയുന്നതിനെ കർത്താവിലേക്ക് തിരിയുന്നതായാണ് (*Conversi ad Dominum*) സഭാപിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്.

**നവീകരിച്ച കുർബാനക്രമത്തിൽ വരുത്തുന്ന പ്രധാന മാറ്റങ്ങൾ:**

2020 ജനുവരിയിൽ നടന്ന സിനഡ് നവീകരിച്ച കുർബാനക്രമം ഐക്യകണ്ഠേന പാസ്സാക്കി പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി അയക്കുകയും 2021 ജൂൺ 9 ന് അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകരിച്ച കുർബാനക്രമത്തിലെ പ്രധാന മാറ്റങ്ങൾ താഴെ പറയുന്നവയാണ്:

മനുഷ്യരക്ഷക്കായി ഈശോ സ്ഥാപിച്ച വിശുദ്ധ കുർബാന, സീറോ മലബാർ സഭയിൽ മൂന്നു രൂപങ്ങളിലായാണ് അർപ്പിക്കപ്പെടുന്നത്. അവ റാസ, ആഘോഷപൂർവ്വകമായ കുർബാന, സാധാരണ കുർബാന എന്നിവയാണ്. കുർബാനയിലെ ഈ മൂന്ന് രൂപങ്ങൾ അർപ്പിക്കുമ്പോൾ സാഹചര്യമനുസരിച്ച് കാർമ്മികന് നിശ്ചയിക്കാവുന്ന ഐച്ഛികങ്ങൾ (Options) കുർബാന തക്സയിൽ കൊടുത്തിട്ടുണ്ട്. എന്നാൽ സീറോമലബാർ സിനഡ് നിർദ്ദേശമനുസരിച്ച് രൂപതാധ്യക്ഷന് നിശ്ചയിക്കാവുന്ന ഒഴിവുകൾ (Dispensations) പ്രകാരം നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ മദ്ബഹാവിരി ഉപയോഗിക്കുന്നില്ല എന്ന കാര്യം അറിയിക്കുന്നു. കുരിശുവരച്ച് കുർബാന ആരംഭിക്കുന്ന പതിവ് നമ്മുടെ രൂപതയിൽ തുടരുന്നതാണ്. വിവിധകാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായും അവസരോചിതമായും ഉപയോഗിക്കാവുന്ന മാറിമാറി വരുന്ന പ്രോപ്രിയ പ്രാർത്ഥനകൾ, തക്സയിൽ നൽകിയിട്ടുള്ള ഐശ്ചികങ്ങൾ (Options) അതാത് കാർമ്മികന് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ, നവീകരിച്ച തക്സയിൽ നിർദ്ദേശിക്കുന്ന കുർബാനയുടെ പൊതുഘടന, പൊതുവായ അർപ്പണരീതി തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ എല്ലാവരും ഒരുപോലെ അനുഷ്ഠിക്കേണ്ടതാണ്. അതുകൊണ്ട്, **നമ്മുടെ രൂപതയിൽ വി. കുർബാനയർപ്പിക്കുന്ന എല്ലാ ദൈവാലയങ്ങളിലും കാർമ്മികൻ കുർബാനയുടെ ആരംഭം മുതൽ മദ്ബഹാപ്രവേശന പ്രാർത്ഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശാക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭംമുതൽ വി. കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നിൽക്കുന്ന അതേ ദിശയിൽതന്നെ ബലിപീഠത്തിനു അഭിമുഖമായും, വി. കുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം വീണ്ടും ജനാഭിമുഖമായും അർപ്പിക്കേണ്ടതാണ്.**

പുതിയ ക്രമത്തിൽ കാലാനുസൃതമായി ഭാഷാശുദ്ധി വരുത്തുകയും മൂലരൂപത്തോട് കൂടുതൽ യോജിക്കുന്ന പദപ്രയോഗങ്ങൾ ഉപയോഗിക്കുകയും, മാർ അദ്ദായി, മാർ മാറി കൂദാശക്രമത്തിനു പുറമേ മറ്റു രണ്ടു കൂദാശാക്രമങ്ങൾ തക്സയിൽ കൂട്ടിച്ചേർക്കുകയും കൂദാശാകർമ്മവിധികൾ (Rubrics) കൂടുതൽ വ്യക്തമാക്കുകയും ചെയ്തിട്ടു

www.malankaralibrary.com

ണ്ട്. സീറോ മലബാർ ആരാധനക്രമമനുസരിച്ച് ദൈവാലയത്തിന് സമൂഹവേദി (ഹൈക്കല), ഗായകവേദി (കെസ്ത്രോമ), ബലിവേദി (മദ്ബഹ) എന്നീ മൂന്നുഭാഗങ്ങളാണുള്ളത്. ഈശോയുടെ ജനനം, പരസ്യജീവിതം എന്നിവ അനുസ്മരിക്കുന്ന ശുശ്രൂഷക്കായി വചനവേദി (ബേമ്മ) ബലിപീഠത്തിൽനിന്നും വ്യത്യസ്തമായി സജ്ജമാക്കേണ്ടതാണ്.

നവീകരിച്ച കുർബാനക്രമവും ഏകീകൃത രൂപത്തിൽ കുർബാനയർപ്പിക്കുവാനുള്ള സിനഡ് തീരുമാനവുമായി ബന്ധപ്പെട്ട് സ്വാർത്ഥലക്ഷ്യങ്ങളോടെ നടത്തുന്ന ചില തെറ്റായ പ്രചരണങ്ങളും ആശങ്കകളും നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. സിനഡ് തീരുമാനിക്കുകയും പരിശുദ്ധ സിംഹാസനം അംഗീകരിക്കുകയും ചെയ്ത മേൽപറഞ്ഞ തീരുമാനം നടപ്പിൽവരുന്നതോടുകൂടി നാം അനുഷ്ഠിച്ചുപോരുന്ന അമ്പുതിരുനാൾ, നൊവേനകൾ, വിശുദ്ധരോടുള്ള വണക്കം, വി. കുർബാനയുടെ ആരാധന, കുരിശിന്റെ വഴി, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങൾ യാതൊരുവിധത്തിലും നിർത്തലാക്കപ്പെടുന്നതല്ലയെന്ന് ഞാൻ വ്യക്തമാക്കുകയാണ്. നമ്മുടെ രൂപതയിൽ നിലവിലുള്ളതുപോലെ സക്രാരിയുടെ സ്ഥാനവും തിരുസ്വരൂപങ്ങളും ക്രൂശിതരൂപമടക്കമുള്ള അംഗീകരിച്ച കുരിശുകളും സഭ അംഗീകരിക്കുന്ന എല്ലാ ഭക്താഭ്യാസങ്ങളും ഇപ്പോൾ ഉള്ളതുപോലെതന്നെ തുടരുന്നതായിരിക്കും. സഭയോട് ചേർന്ന് മിശിഹാകേന്ദ്രീകൃതവും വിശുദ്ധ കുർബാന കേന്ദ്രീകൃതവുമായ സ്വർഗ്ഗോന്മുഖജീവിതം നയിക്കാൻ ഈ ഭക്താഭ്യാസങ്ങൾ നമ്മെ സഹായിക്കട്ടെ.

സഭയുടെ ഔദ്യോഗികമായ പഠനങ്ങൾക്ക് വിരുദ്ധവും തെറ്റിദ്ധാരണപരത്തുന്നതുമായ പ്രചരണങ്ങൾ നമ്മുടെ രൂപതയിൽ നടക്കുന്നതായി അറിയുന്നു. രൂപതയുടെ കൂട്ടായ്മയെ ദുർബലപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങളിൽ പങ്കുചേരാതിരിക്കുവാൻ രൂപതാംഗങ്ങളായ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായവിശ്വാസികളോടും ഞാൻ ആത്മാർത്ഥമായി ആഹ്വാനം ചെയ്യുന്നു. സഭയുടെ ഔദ്യോഗിക നിലപാടുകൾക്കു വിരുദ്ധമായി സഭാധികാരികളോടു വിധേയത്വം പുലർത്താതെ സമ്മേളനങ്ങൾ കൂടുകയും, രൂപതയുടെ പൊതുനിർദ്ദേശങ്ങൾ അവഗണിച്ച് തീരുമാനങ്ങൾ പ്രഖ്യാപിക്കുകയും, അനുവാദമില്ലാതെ ആരാധനക്രമ സംബന്ധമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്യുന്നത് തെറ്റാണ് എന്നകാര്യം ഖേദപൂർവം അറിയിക്കട്ടെ. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നവരെല്ലാവരും അതിൽനിന്നും പൂർണ്ണമായും അകന്നുനിൽക്കേണ്ടതാണെന്ന് ഞാൻ വേദനയോടെ ആവശ്യപ്പെടുകയാണ്. നമ്മുടെ രൂപതയിൽ നിലവിലിരിക്കുന്ന കുർബാനയർപ്പണരീതി തുടരുവാനുള്ള ആഗ്രഹം ഗൗരവമായിയെടുത്ത് രൂപതയുടെ കാനോനിക സമിതികളുടെ നിർദ്ദേശപ്രകാരം സിനഡിൽ ഞാൻ അവതരിപ്പിക്കുകയും രൂപതാ ആലോചനസംഘത്തിന്റെ (Eparchial College of Consultors) നിർദ്ദേശപ്രകാരം ഡൽഹിയിലെ അപ്പസ്തോലിക് നുൺഷ്യോയെ വൈദികപ്രതിനിധികളോടൊപ്പം ഞാൻ സന്ദർശിക്കുകയും നുൺഷ്യോ മുഖേന പരിശുദ്ധ സിംഹാസനത്തെ നമ്മുടെ ആവശ്യങ്ങൾ അറിയിക്കുകയും ചെയ്തത് നമ്മുടെ രൂപതയിലെ കൂട്ടായ്മ നഷ്ടപ്പെടാതിരിക്കണം എന്ന സദുദ്ദേശ്യത്തോടെ ആയിരുന്നു. മാർപാപ്പയിൽനിന്നോ നമ്മുടെ മേജർ ആർച്ച് ബിഷപ്പിൽനിന്നോ ഇപ്പോഴത്തെ സിനഡ് തീരുമാനത്തിന് വ്യത്യസ്തമായ തീരുമാനം വരികയാണെങ്കിൽ ആ തീരുമാനങ്ങളെ നമ്മൾ പൂർണ്ണമായി സ്വീകരിക്കുകയും നിങ്ങളെ യഥാസമയം ഞാൻ അറിയിക്കുകയും ചെയ്യുന്നതാണ്. അത്തരമൊരു തീരുമാനം ലഭിക്കുന്നില്ലെങ്കിൽ ഈ വരുന്ന നവംബർ 28-ാം തിയ്യതി മംഗളവാർത്ത ഒന്നാം ഞായറാഴ്ച്ച മുതൽ സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരമുള്ള പരിഷ്കരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും നമ്മുടെ രൂപതയിൽ നടപ്പിൽ വരുത്തുന്നതിന് ബഹുമാനപ്പെട്ട വൈദികരും സന്ന്യസ്തരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണമെന്നും അതിനാവശ്യമായ സജ്ജീകരണങ്ങൾ (പുതിയ തക്സ, ബേമ്മ, ഉപപീഠങ്ങൾ etc.) 2021 നവംബർ 28-ാം തിയ്യതി, മംഗളവാർത്ത ഒന്നാം ഞായറാഴ്ച്ചക്കുമുമ്പ് ക്രമീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കത്തീഡ്രൽ ഇടവക, തീർത്ഥാടനകേന്ദ്രങ്ങൾ, സന്ന്യസ്തഭവനങ്ങൾ, വൈദിക-സന്ന്യസ്ത

www.malankaralibrary.com

പരിശീലനകേന്ദ്രങ്ങൾ, മറ്റു ഇടവകകൾ എന്നിവയിൽ സിനഡ് തീരുമാനം നവംബർ 28–ാം തിയ്യതി മുതൽ നടപ്പിലാക്കേണ്ടതാണ്. എന്നാൽ കത്തീഡ്രൽ ഇടവക, തീർത്ഥാടനകേന്ദ്രഇടവകകൾ ഒഴികെ വളരെ ഗൗരവമായ കാരണങ്ങൾമൂലം മുകളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഏതെങ്കിലും ഇടവകദൈവാലയങ്ങളിൽ സാധിച്ചില്ലെങ്കിൽ, അടുത്ത ഉയിർപ്പ് ഞായർ (2022 ഏപ്രിൽ 17) വരെയുള്ള സമയത്തിനുള്ളിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

"ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ" (കൊളോ. 4:18)

രൂപതാകാര്യാലയത്തിൽനിന്നും 2021 ഒക്ടോബർ മാസം 26–ാം തിയ്യതി നൽകപ്പെട്ടത്.

ഇരിങ്ങാലക്കുട — മാർ പോളി കണ്ണൂക്കാടൻ

26.10.2021 — ഇരിങ്ങാലക്കുട രൂപതാമെത്രാൻ

ഈ വിജ്ഞാപനം നവംബർ 7–ാം തിയ്യതി ഞായറാഴ്ച്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാന പൊതുവായി ഇല്ലാത്ത ഇടങ്ങളിൽ സൗകര്യപ്രദമായ രീതിയിൽ ഇതിലെ ആശയങ്ങൾ എത്രയും വേഗം ദൈവജനത്തെ അറിയിക്കേണ്ടതുമാണ്.

www.malankaralibrary.com

Prot. No. 1512/21

27.10.2021

**വിജ്ഞാപനം**

**നവീകരിച്ച വിശുദ്ധ കുർബാനക്രമവും കുർബാനയർപ്പണത്തിലെ ഏകീകൃതരൂപവും സംബന്ധിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ**

യേശുവിൽ പ്രിയ സഹോദരവൈദികരേ, സ്നേഹമുള്ള സന്ന്യാസിനി സന്ന്യാസികളേ, പ്രിയ മക്കളേ,

സീറോ മലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും പുതിയ ആരാധനാക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28, ഞായർ മുതൽ പ്രാബല്യത്തിൽ വരുമെന്ന തീരുമാനം മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ ഇടയലേഖനം വഴി നമുക്ക് ലഭിച്ചിരുന്നുവല്ലോ. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇരിങ്ങാലക്കുട രൂപതയിൽ പ്രാബല്യത്തിൽ വരുത്തേണ്ടതായ ചില ചിന്തകളും പ്രായോഗിക നിർദ്ദേശങ്ങളും താഴെ ചേർക്കുകയാണ്:

വി. കുർബാനയിലെ ഏകീകൃതരൂപം നമ്മുടെ ഇരിങ്ങാലക്കുട രൂപതയിലെ മുഴുവൻ ദൈവാലയങ്ങളിൽ താഴെപറയും പ്രകാരമാണ്: **കാർമ്മികൻ കുർബാനയുടെ ആരംഭം മുതൽ മദ്ബഹാപ്രവേശന പ്രാർത്ഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശാക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭംമുതൽ വി. കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നിൽക്കുന്ന അതേ ദിശയിൽതന്നെ ബലിപീഠത്തിനു അഭിമുഖമായും, വി. കുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം വീണ്ടും ജനാഭിമുഖമായും അർപ്പിക്കുന്നു.** സീറോ മലബാർ ആരാധനക്രമമനുസരിച്ച് ദൈവാലയത്തിന് സമൂഹവേദി (ഹൈക്കല), ഗായകവേദി (കെസ്ത്രോമ), ബലിവേദി (മദ്ബഹ) എന്നീ മൂന്നു ഭാഗങ്ങളാണുള്ളത്. ഈശോയുടെ ജനനം, പരസ്യജീവിതം എന്നിവ അനുസ്മരിക്കുന്ന ശുശ്രൂഷക്കായി വചനവേദി (ബേമ്മ) ബലിപീഠത്തിൽനിന്നും വ്യത്യസ്തമായി സജ്ജമാക്കേണ്ടതാണ്.

സീറോമലബാർ സിനഡ് നിർദ്ദേശമനുസരിച്ച് രൂപതാധ്യക്ഷന് നിശ്ചയിക്കാവുന്ന ഒഴിവുകൾ (Dispensations) പ്രകാരം നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ മദ്ബഹാവിരി ഉപയോഗിക്കുന്നില്ലയെന്നും കുരിശുവരച്ച് കുർബാന ആരംഭിക്കാവുന്നതുമാണെന്ന് അറിയിക്കുന്നു. വിവിധ കാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായും അവസരോചിതമായും ഉപയോഗിക്കാവുന്ന മാറിമാറി വരുന്ന പ്രോപ്രിയ പ്രാർത്ഥനകൾ, തക്സയിൽ നൽകിയിട്ടുള്ള ഐഛികങ്ങൾ (Options) അതാത് കാർമ്മികന് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ, കുർബാനയുടെ പൊതുഘടന, പൊതുവായ അർപ്പണരീതി തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ എല്ലാവരും ഒരുപോലെ അനുഷ്ഠിക്കേണ്ടതാണ്.

സിനഡ് തീരുമാനിക്കുകയും പരിശുദ്ധ സിംഹാസനം അംഗീകരിക്കുകയും ചെയ്ത മേൽപറഞ്ഞ തീരുമാനം നടപ്പിൽവരുന്നതോടുകൂടി നാം അനുഷ്ഠിച്ചുപോരുന്ന അമ്പുതിരുനാൾ, നൊവേനകൾ, വിശുദ്ധരോടുള്ള വണക്കം, വി. കുർബാനയുടെ ആരാധന, കുരിശിന്റെ വഴി, ജപമാല പ്രാർത്ഥന തുടങ്ങിയ ഭക്താഭ്യാസങ്ങൾ യാതൊരുവിധത്തിലും നിർത്തലാക്കപ്പെടുന്നതല്ലയെന്ന് ഞാൻ വ്യക്തമാക്കുകയാണ്. നമ്മുടെ രൂപതയിൽ നിലവിലുള്ളതുപോലെ സക്രാരിയുടെ സ്ഥാനവും തിരുസ്വരൂപങ്ങളും ക്രൂശിതരൂപമടക്കമുള്ള അംഗീകരിച്ച കുരിശുകളും സഭ അംഗീകരിക്കുന്ന എല്ലാ ഭക്താഭ്യാസങ്ങളും ഇപ്പോൾ ഉള്ളതുപോലെതന്നെ തുടരുന്നതായിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങളിൽ തെറ്റായ ചിലപഠനങ്ങളും നിർദ്ദേശങ്ങളും നൽകപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഭയുടെ ഔദ്യോഗിക നിലപാടുകൾക്കു വിരുദ്ധമായി സഭാധികാരികളോടു വിധേയത്വം പുലർത്താതെ സമ്മേളനങ്ങൾ കൂടുകയും, രൂപതയുടെ പൊതുനിർദ്ദേശങ്ങൾ അവഗണിച്ച് തീരുമാനങ്ങൾ പ്രഖ്യാപിക്കുകയും, അനുവാദമില്ലാതെ ആരാധനക്രമ സംബന്ധമായ ലഘുലേഖകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്യുന്നത് തെറ്റാണ് എന്ന കാര്യം ഖേദപൂർവ്വം അറിയി

www.malankaralibrary.com

ക്കട്ടെ.

മാർപാപ്പയിൽനിന്നോ നമ്മുടെ മേജർ ആർച്ച് ബിഷപ്പിൽനിന്നോ ഇപ്പോഴത്തെ സിനഡ് തീരുമാനത്തിന് വ്യത്യസ്തമായ തീരുമാനം വരികയാണെങ്കിൽ ആ തീരുമാനങ്ങളെ നമ്മൾ പൂർണ്ണമായും സ്വീകരിക്കുകയും നിങ്ങളെ യഥാസമയം ഞാൻ അറിയിക്കുകയും ചെയ്യുന്നതാണ്. അത്തരമൊരു തീരുമാനം ലഭിക്കുന്നില്ലായെങ്കിൽ ഈ വരുന്ന നവംബർ 28-ാം തിയ്യതി മംഗളവാർത്ത ഒന്നാം ഞായറാഴ്ച്ച മുതൽ സീറോ മലബാർ സിനഡിന്റെ തീരുമാനപ്രകാരമുള്ള പരിഷ്കരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാനയർപ്പണരീതിയും നമ്മുടെ രൂപതയിൽ നടപ്പിൽ വരുത്തുന്നതിന് ബഹുമാനപ്പെട്ട വൈദികരും സന്ന്യസ്തരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണമെന്നും അതിനാവശ്യമായ സജ്ജീകരണങ്ങൾ (പുതിയ തക്സ, ബേമ്മ, ഉപപീഠങ്ങൾ etc.) 2021 നവംബർ 28-ാം തിയ്യതി, മംഗളവാർത്ത ഒന്നാം ഞായറാഴ്ച്ചക്കുമുമ്പ് ക്രമീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കത്തീഡ്രൽ ഇടവക, തീർത്ഥാടനകേന്ദ്രങ്ങൾ, സന്ന്യസ്തഭവനങ്ങൾ, വൈദിക-സന്ന്യസ്ത പരിശീലനകേന്ദ്രങ്ങൾ, മറ്റു ഇടവകകൾ എന്നിവയിൽ സിനഡ് തീരുമാനം നവംബർ 28-ാം തിയ്യതി മുതൽ നടപ്പിലാക്കേണ്ടതാണ്. എന്നാൽ കത്തീഡ്രൽ ഇടവക, തീർത്ഥാടനകേന്ദ്രഇടവകകൾ ഒഴികെ വളരെ ഗൗരവമായ കാരണങ്ങൾമൂലം മുകളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഏതെങ്കിലും ഇടവകദൈവാലയങ്ങളിൽ സാധിച്ചില്ലെങ്കിൽ, അടുത്ത ഉയിർപ്പ് ഞായർ (2022 ഏപ്രിൽ 17) വരെയുള്ള സമയത്തിനുള്ളിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

ഇരിങ്ങാലക്കുട — മാർ പോളി കണ്ണൂക്കാടൻ

27.10.2021 — ഇരിങ്ങാലക്കുട രൂപതാമെത്രാൻ

ഈ വിജ്ഞാപനം നവംബർ 14-ാം തിയ്യതി ഞായറാഴ്ച്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാന പൊതുവായി ഇല്ലാത്ത ഇടങ്ങളിൽ സൗകര്യപ്രദമായ രീതിയിൽ ഇതിലെ ആശയങ്ങൾ എത്രയും വേഗം ദൈവജനത്തെ അറിയിക്കേണ്ടതുമാണ്.